(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് അവ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും റിട്ടയർമെന്റ് തീയതി ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പൊതുമേഖലാസ്ഥാപനങ്ങളിലെ ഒഴിവുകൾ കണക്കാക്കി നിശ്ചിത മാനദണ്ഡമനുസരിച്ച് നിയമനങ്ങൾ നടത്തുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ റിട്ടയർമെന്റ് ഒരേ രീതിയിലല്ല. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലേയും റിട്ടയർമെന്റ് പ്രായം വ്യത്യസ്തമാണ്. 55 വയസ്സിൽ റിട്ടയർ ചെയ്യുന്ന ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സർക്കാർ സർവ്വീസിൽ പെൻഷൻ പ്രായം മാർച്ച് 31 ആയി ഏകീകരിച്ചതനുസരിച്ച് 55 വയസ്സിൽ റിട്ടയർ ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ റിട്ടയർമെന്റ് മാർച്ച് 31 ആയി ഏകീകരിച്ച് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ നിയന്ത്രണമുള്ള ഭരണ വകുപ്പുകൾ ഇത് സംബന്ധിച്ച ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള റിക്രൂട്ട്മെന്റ് റൂൾസ് അനുസരിച്ചാണ് അതാത് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നടത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളും പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണ നിയന്ത്രണമുള്ള ഭരണവകുപ്പുകളും യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

പി.എസ്.സി. വഴി നിയമനം ലഭിച്ചവരുടെ എണ്ണം

22 (4360) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയതെന്ന് അറിയിക്കാമോ ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 1,29,963 ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. മുഖേന നിയമന ശുപാർശ നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly